ക്രൈം 49/2000 നമ്പർ കേസിലെ പ്രതികൾ :—

എ1. ഖാദർ, എ2. മരക്കാർ എ3. അഹമ്മദ് എ4 മുജീവ് , മറ്റ് അഞ്ച് പേരും. പ്രതികളെ ആരും അറസ്റ്റു ചെയ്തിട്ടില്ല.

ക്രൈം 50/2000 നമ്പർ കേസിലെ പ്രതികൾ :—

എ1. സുലൈമാൻ, എ2. ചന്ദ്രൻ, എ3. മൊയ്ദ്ദീൻ കുട്ടി, മറ്റ് കണ്ടാൽ അറിയാവുന്ന എട്ടുപേരും. പ്രതികളെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ കേസ്സുകളിലെ പ്രതികളെ അറസ്റ്റുചെയ്യുന്നതിനും അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചീരാൽ പ്രദേശത്തെ സമാധാന ജീവിതം തകർക്കുന്ന വിധത്തിലുള്ള സാമൂഹ്യദ്രോഹികളുടെ അക്രമം അവസാനിപ്പിക്കുന്നതിനും മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ തകർത്ത സംഭവം

87 (87) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 നവംബർ 2-ാം തീയതി രാത്രി കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ കമ്പിപ്പാര ഉപയോഗിച്ച് തകർക്കുകയുണ്ടായോ ;

(ബി) ഈ സംഭവം നടക്കുമ്പോൾ വിവരം ഫോണിൽക്കൂടി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിച്ചിരുന്നുവോ ;

(സി) എങ്കിൽ സംഭവം നടന്ന് എത്ര മണിക്കൂർ കഴിഞ്ഞാണ് പോലീസ് എത്തിയത് ;

(ഡി) പ്രസ്തുത കോളേജ് പ്രിൻസിപ്പാളിനെ എസ്.എഫ്.ഐ.ക്കാർ പരിക്കേൽപ്പിച്ച സംഭവമുണ്ടായിട്ടുണ്ടോ ;

(ഇ) മതിലിടിച്ചതിന്റേയും പ്രിൻസിപ്പാളിനെ പരിക്കേൽപ്പിച്ചതിന്റെയും പേരിൽ ആരുടെയെല്ലാം പേരിൽ കേസെടുത്തിട്ടുണ്ട് ;

(എഫ്) ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ 2-11-1999-ന് രാത്രി ആരോ അതിക്രമിച്ചു കയറി പൊളിച്ച് നശിപ്പിച്ചതായി കൂത്തുപറമ്പ് പോലീസിന് പരാതി ലഭിക്കുകയുണ്ടായി.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3-11-1999-ന് 11.30 മണിക്ക് പരാതി ലഭിക്കുകയും 11.45ന് പോലീസ് കോളേജിൽ എത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ഡി&എഫ്) മതിലിടിച്ചതിന് ക്രൈം നമ്പർ 443/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രിൻസിപ്പാളിനെ പരിക്കേൽപ്പിച്ചതിന് ക്രൈം നമ്പർ 438/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റെനിൽ, സന്തോഷ്, മറ്റ് കണ്ടാലറിയാവുന്ന 10-ഓളം വിദ്യാർത്ഥികൾ ഈ കേസ്സിൽ പ്രതികളാണ്. കേസ് അന്വേഷണം നടന്നുവരുന്നു.

ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പനെ മർദ്ദിച്ച സംഭവം

88 (88) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 ഡിസംബർ മാസം 11-ാം തീയതി രാത്രി ഒരു മണിയോടുകൂടി തിരുനന്തപുരം ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പനെ ശംഖുംമുഖം പോലീസ് കസ്റ്റഡിയിലെടുക്കുകയും പിന്നീട് മ്യൂസിയം പോലീസ് സ്റ്റേഷന് കൈമാറുകയും അവിടെവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ആരെല്ലാം ചേർന്നാണ് അദ്ദേഹത്തെ മർദ്ദിച്ചതെന്ന് അറിയിക്കുമോ ;

(സി) ഇതോടനുബന്ധിച്ച് അന്വേഷണം നടത്തുവാൻ ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; എന്താണ് ഈ അന്വേഷണം നടത്തുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയത് ;

(ഡി) ശാന്തപ്പനെ മർദ്ദിച്ചവരിൽ ആരുടെയെല്ലാം പേരിലുള്ള അന്വേഷണം പൂർത്തിയാക്കി ;

(ഇ) ബാക്കിയുള്ളവരെ സംബന്ധിച്ച് അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ;

(എഫ്) ഈ കേസ് സംബന്ധിച്ച അന്വേഷണം വിനാവിളംബം പൂർത്തിയാക്കി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) കേസന്വേഷണം തിരുവനന്തപുരം എ.സി. ക്രൈം ഡിറ്റാച്ച്മെന്റിനെ 1-1-1998-ൽ ചുമതലപ്പെടുത്തി.

(ഡി) കേസ് അന്വേഷണത്തിലാണ്.

(ഇ&എഫ്) അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി മേൽനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകൾ

89 (89) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly